(ബി) ഒഴിവു പടിധതിക്കാലത്ത് അധിക വിഭവ സമാഹരണത്തിന് ചില നടപടികളും സ്വീകരിച്ചിട്ടുണ്ട്. മറ്റു നടപടികളും കാലാകാലം തീരുമാനിക്കുന്നതാണ്.

ഏകീകൃത ഫിഷറീസ് നിയമം

* 13 [13] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ മുഴുവൻ ബാധിക്കുന്ന ഏകീകൃത ഫിഷറീസ് നിയമം ഉണ്ടാക്കാൻ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് ഏത് സ്ഥിതിയിൽ ഇരിക്കുന്നു?

ഫിഷറീസ് വകുപ്പു മന്ത്രി (ശ്രീ. എ.എൽ. ജേക്കബ്ബ്): (എ) ഉണ്ട്.

(ബി) കരട് ബില്ല് നിയമവകുപ്പു പരിശോധിച്ചുവരുന്നു.

കേരള പൊതു പ്രവർത്തക അഴിമതി നിരോധന കമ്മീഷൻ

* 14 [14] ശ്രീ. കെ. ശങ്കരനാരായണപിള്ള:
,, പി. വിജയദാസ്:
,, എ.കെ. ശശീന്ദ്രൻ:
,, കെ.ആർ. ചന്ദ്രമോഹനൻ:
,, ഒ. ഭരതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പൊതുപ്രവർത്തക അഴിമതി നിരോധന കമ്മീഷൻ എന്നാണ് നിലവിൽ വന്നത്;

(ബി) കമ്മീഷൻ നിലവിൽ വന്നതിനുശേഷം 31–5–1988 വരെ ആകെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഇതിൽ എത്ര കേസുകളിൽ തീരുമാനമെടുത്തിട്ടുണ്ട്;

(ഡി) അതിൽ പ്രഥമദൃഷ്ട്യാ കേസില്ലെന്നു കണ്ട് തള്ളിക്കളഞ്ഞതെത്ര?

(ഇ) പ്രാഥമികാന്വേഷണത്തിനുശേഷം എത്ര കേസുകളിൽ വിശദമായ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്;

(എഫ്) കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും പൊതുപ്രവർത്തകൻ താൻ വഹിച്ച സ്ഥാനം രാജിവച്ചിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ ആരെല്ലാം;

(എച്ച്) കമ്മീഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് എന്തെങ്കിലും പുതിയ നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly